വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) നിയമാനുസൃതമായി രൂപീകരിച്ചിട്ടുള്ള ബോർഡ് ഓഫ് കൺട്രോൾ ആണ് ഇപ്പോൾ ഗ്രന്ഥശാലാസംഘത്തിന്റെ ഭരണം നിയന്ത്രിക്കുന്നത്.

(ബി) 1977–ലെ 19–ാം നമ്പർ ആക്ട് പ്രകാരം ഗ്രന്ഥശാലാ സംഘത്തിന്റെ ഭരണം ഗവൺമെന്റ് ഏറ്റെടുത്തതിനാൽ സംഘത്തിന്റെ നിയമാവലി സസ്പെൻറ് ചെയ്തിരിക്കുകയാണ്. അതിനാൽ തിരഞ്ഞെടുപ്പ് നടത്താൻ നിയമമില്ല.

(സി) ഉണ്ട്.

(ഡി) കേരളാ പബ്ലിക് ലൈബ്രറി ബിൽ, ബിൽ നമ്പർ 179 ആയി പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

കടൽ ഭിത്തി കെട്ടുവാൻ നടപടി

* 159 [162] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽഭിത്തി കെട്ടുവാൻ ഇനി എത്ര കിലോമീറ്റർ ദൂരമുണ്ട്;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി ഉൾപ്പെടുത്തിയ തുക;

(സി) ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) കേരളത്തിന്റെ 560 മി. കി. കടലോരത്തിൽ രൂക്ഷമായ കടലാക്രമണത്തിനു വിധേയമായിട്ടുള്ളത് 320 കി.മീ. ആണെന്നാണ് ഇതുവരെ അംഗീകരിച്ചിട്ടുള്ളത്. ഈ കണക്ക് പുനഃപരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ 1986 മാർച്ചു മാസം വരെ 294.64 കി.മീ. ദൂരം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ശേഷിച്ച ഉദ്ദേശം 25 കി.മീ. ദൂരം കൂടി കടൽ ഭിത്തി ഇനികെട്ടേണ്ടതുണ്ട്. മേൽപ്പറഞ്ഞ പൂർത്തിയാക്കിയ ഭിത്തിയിൽ ഏകദേശം 80 കി.മീറ്ററോളം വരുന്ന പഴയ ഭിത്തി പുതുക്കി പണിയേണ്ടതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 26.85 കി. മീറ്ററോളം മാർച്ച് 86 വരെ പുതുക്കിയിട്ടുണ്ട്. ഇനി 53.15 കി.മീറ്റർ ശേഷിക്കുന്നു.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ കടൽഭിത്തി നിർമ്മാണത്തിനും കേടുപറ്റിയ കടൽഭിത്തികളുടെ പുനരുദ്ധാരണത്തിനുമായി 525 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 325 ലക്ഷം രൂപ കടമായി കേന്ദ്രം തരുന്നതാണ്.

(സി) 1986 മാർച്ചു മാസം വരെ കടലാക്രമണപ്രതിരോധ പദ്ധതികൾക്കുവേണ്ടി 72.66 കോടി രൂപയോളം ചിലവാക്കി കഴിഞ്ഞു.

സ്കൂളുകളുടെ വിഭജനം

* 160 [163] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്കൂളിൽ പരമാവധി എത്ര വിദ്യാർത്ഥികൾവരെ ആകാമെന്നാണ് നിബന്ധന;

LIBRARY ARCHIVES Kerala Legislative Assembly